No. CEE/4600/2019/KEAM-2020/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

# KEAM-2020

## ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം–2020

## സ്ട്രേ ഒഴിവ് നികത്തുന്നത് സംബന്ധിച്ച്

2020–21 –വർഷം ബി.ഡി.എസ് കോഴ്സിൽ മോപ് അപ് അലോട്ട്മെന്റിന് ശേഷം നിലനിന്ന ഒഴിവുകൾ അതാത് കോളേജുകൾ മുഖേന നികത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണർ മാർഗനിർദ്ദേശം നൽകിയിരുന്നു. നിലവിൽ കണ്ണൂർ സർക്കാർ ഡന്റൽ കോളേജിൽ പട്ടികജാതി (എസ്.സി) വിഭാഗത്തിൽ ഒരു ഒഴിവ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവിലേയ്ക്ക് പരിഗണിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച മെഡിക്കൽ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥി കളെ പരിഗണിച്ചുള്ള സാദ്ധ്യതാ പട്ടിക പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീക രിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾ ബി.ഡി.എസ് കോഴ്സിലെ മോപ്അപ് കൗൺസിലിംഗിനായി ഈ കോളേജി ലേയ്ക്ക് നൽകിയ ഓപ്ഷനും റാങ്കും പരിഗണിച്ചാണ് സാദ്ധ്യതാ ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത്. നിലവിൽ എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളെ സാദ്ധ്യതാ ലിസ്റ്റിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. സാദ്ധ്യതാ ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ **29.01.2021, 1.00** മണിയ്ക്കകം കീം 2020 പ്രോസ്പെക്ടസ് 11.7 ൽ പ്രതിപാദിച്ചിട്ടുള്ള അസ്സൽ രേഖകളുമായി കണ്ണൂർ സർക്കാർ ഡന്റൽ കോളേജുമായി ബന്ധപ്പെടേണ്ടതാണ്. സീറ്റിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഒഴിവിലേയ്ക്ക് പരിഗണിക്കപ്പെ ടുന്നതിന് യോഗ്യതയുള്ള പട്ടികജാതി (എസ്.സി) വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥിയുടെ അഭാവത്തിൽ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പ്രകാരം അർഹമായ മറ്റ് കാറ്റഗറിയായി (ST-OEC-SM) പരിവർത്തനം ചെയ്ത് മേൽ പറഞ്ഞ തീയതിയ്ക്കകം പ്രസ്തുത കോളേജ് പ്രവേശനം നടത്തുന്നതാണ്. ഇപ്രകാരം പ്രവേശനം നടത്തുന്നതിന് മേൽ പറഞ്ഞ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ സാദ്ധ്യതാ ലിസ്റ്റും ലഭ്യമാക്കി യിട്ടുണ്ട്.

സ്വാശ്രയ ഡന്റൽ കോളേജുകളിലെ ഒഴിവുകൾ നികത്തുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണ റുടെ മാർഗനിർദ്ദേശപ്രകാരം നടത്തിയ സ്ട്രേ വേക്കൻസി ഫില്ലിംഗിനുശേഷവും ഏതാനും ഒഴിവുകൾ നില നിൽക്കുന്നതിനാൽ ഇവ നികത്തുന്നതിന് അതത് കോളേജടിസ്ഥാനത്തിൽ താത്പര്യമുള്ള വിദ്യാർത്ഥി കൾക്ക് പ്രവേശനം അനുവദിക്കാവുന്നതാണ്. ഒഴിവുകളിലേയ്ക്ക് പരിഗണിക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ 22.01.2021 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനപ്രകാരമുള്ള യോഗ്യതയുള്ളവ രായിരിക്കണം. ബി.ഡി.എസ് കോഴ്സിലേയ്ക്കുള്ള പ്രവേശനം സംബന്ധിച്ച നടപടികൾ 30.01.2021 അവ സാനിക്കുന്നതിനാൽ സ്വാശ്രയ കോളേജുകളിലെ ബി.ഡി.എസ് കോഴ്സിന് ഈ കാലയളവിൽ ഉണ്ടാകുന്ന ഒഴിവുകൾ പ്രോസ്പെക്ടസ് വ്യവസ്ഥകൾ പാലിച്ച് അതാത് കോളേജുകൾ നികത്തുന്നതായിരിക്കും.

**ഹെൽപ്പ് ലൈൻ നമ്പർ: 0471 2525300**

തിരുവനന്തപുരം
27.01.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**